# പതിന്നാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *251      10.03.2017 -ൽ മറുപടിക്ക്

## ജനസൗഹൃദ വില്ലേജ് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വില്ലേജ്/താലൂക്ക് ഓഫീസുകളിൽ പൊതുജനങ്ങൾ-ക്കാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്ട് പദ്ധതി'. എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. |
| (ബി) | പ്രദേശത്തെ പ്രമുഖ വ്യക്തികൾ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ചാരിറ്റബിൾ സൊസൈറ്റികൾ ഉൾപ്പെടെയുള്ളവയുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ